ദേശമംഗലം ടാങ്ക് മുതൽ ഗ്യാപ് കണക്ഷനുകൾ ഒഴികെയുള്ള പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. എരുമപ്പെട്ടി ടാങ്ക് മുതൽ വേലൂർ ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിനിന്റെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിൽ 300 കി. മീ. ഉള്ളതിൽ 100 കിലോമീറ്ററോളം പൂർത്തീകരിച്ചുകഴിഞ്ഞു. ഈ പദ്ധതിയുടെ ഇപ്പോഴത്തെ മൊത്തം ചെലവ് പദ്ധതിക്കുവേണ്ടി അനുമതി കിട്ടിയിട്ടുള്ള മൊത്തം തുകയേക്കാൾ കൂടിയതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധനാ നടപടികൾ നടന്നുവരുന്നു.

(സി) തെക്കുംകര ശുദ്ധജല വിതരണപദ്ധതി 2006 മാർച്ച് മാസത്തിൽ പൂർണ്ണമായും കടങ്ങോട് ശുദ്ധജല വിതരണപദ്ധതി 2005 നവംബർ മാസത്തിൽ ഭാഗികമായും കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ശുദ്ധജല വിതരണ പദ്ധതികൾ

84 [3338] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം ശുദ്ധജല വിതരണപദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത മണ്ഡലത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധജലപദ്ധതികൾ ഏതെല്ലാമെന്നുകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിവരം അനുബന്ധം എ-I ആയി ചേർത്തിട്ടുണ്ട്. †

ജലനിധി പദ്ധതി, 586 ശുദ്ധജലവിതരണപദ്ധതികൾ ആരംഭിച്ചു. വിശദവിവരം അനുബന്ധം എ-II ആയി ചേർത്തിട്ടുണ്ട്. †

സ്വജൽധാര-2 പ്രോജക്ടിൽ കാസർഗോഡ് ജില്ലയിൽ 231 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 41 സ്കൂൾ കുടിവെള്ള പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 74 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 32 സ്കൂൾ കുടിവെള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/609/2012—16

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള പദ്ധതികൾ 2005 ഡിസംബർ 31 -നകം പൂർത്തീകരിക്കുന്നതിനായി പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്. പൂർത്തിയായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം എ-III ആയി ചേർത്തിട്ടുണ്ട്. †

(ബി) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിവരം അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്. †

ജലനിധി പദ്ധതിയുടെ വിശദവിവരം അനുബന്ധം എ-II ആയി ചേർത്തിട്ടുണ്ട്. †

സ്വജൽധാര പ്രോജക്ടിൽ പുതിയ പദ്ധതികളൊന്നും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ.

1. കരിമ്പ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
2. ചെർപ്പുശ്ശേരി ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
3. വെള്ളിനേഴി ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
4. ശ്രീകൃഷ്ണപുരം ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
5. കരിമ്പുഴ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
6. കടമ്പഴിപുറം ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
7. തച്ചുതൻചോല ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി

കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ.

1. കരിമ്പുഴ I & II ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
2. ശ്രീകൃഷ്ണപുരം I & II ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
3. വെള്ളിനേഴി ശുദ്ധജലവിതരണപദ്ധതി
4. പുക്കോട്ടുകാവ് ശുദ്ധജലവിതരണപദ്ധതി
5. കടമ്പഴിപുറം I & II ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി
6. കാരക്കുറിശ്ശി-തച്ചമ്പാറ ശുദ്ധജലവിതരണപദ്ധതി

ജലനിധി പദ്ധതികൾ

കോങ്ങാട് പഞ്ചായത്തിൽ 34 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സ്വജൽധാര പ്രോജക്ടിൽ പുതിയ പദ്ധതികളൊന്നും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly